(സി) പ്രസ്തുത പദ്ധതികളിൽ മരാമത്ത് വകുപ്പിന് എന്തെങ്കിലും നിയന്ത്രണം ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പിലെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി.-കളിലൊന്നായ കെ.ആർ.എഫ്.ബി-യുടെ കീഴിലുള്ള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് പൊതുമരാമത്ത് വകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിലാണ്.

ദേശീയപാത ആറ് വരിയാക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ

85 (2441) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതകൾ ആറ് വരിയാക്കുന്നതിന് വേണ്ടി സ്ഥലം ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

സ്ഥലമേറ്റെടുക്കൽ നടപടിയുടെ പുരോഗതി അനുബന്ധം I ആയി ചേർക്കുന്നു*.

(ബി) ഭൂമി ഏറ്റെടുക്കുന്നതിന് എത്ര തുകയാണ് കണക്കാക്കിയിട്ടുള്ളതെന്നും ഇതിൽ സംസ്ഥാന സർക്കാർ വഹിക്കേണ്ട തുക എത്രയാണെന്നും വ്യക്തമാക്കുമോ?

ഭൂമിയേറ്റെടുക്കലിന് ആവശ്യമായ തുകയുടെയും സംസ്ഥാന വിഹിതത്തിന്റെയും വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. *

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്നും നിലവിൽ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ?

ദേശീയപാതാ വികസനത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം അനുബന്ധം III ആയി ചേർക്കുന്നു.*

പാണ്ടിക്കാട് റസ്റ്റ് ഹൗസ് നിർമ്മാണം

86(2442) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാണ്ടിക്കാട് റസ്റ്റ് ഹൗസ് പുതുതായി നിർമ്മിക്കുന്നതിന് വേണ്ട നടപടികൾ സർക്കാർ സ്വീകരിക്കുമോ?

റസ്റ്റ് ഹൗസ് പുതുക്കി പണിയുന്നതിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly